**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1690** **08-12-2022 - ൽ മറുപടിയ്ക്ക്**

**പ്രധാനമന്ത്രി മത്സ്യ സംപാദ യോജന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ആഴക്കടൽ മത്സ്യബന്ധനത്തിന് പരമ്പരാഗത മത്സ്യതൊഴിലാളികളെ പ്രാപ്തരാക്കുന്നതിന്റെ ഭാഗമായി പ്രധാനമന്ത്രി മത്സ്യ സംപദാ യോജനയിൽ ഉൾപ്പെടുത്തി മത്സ്യതൊഴിലാളികളുടെ സഹകരണ കൂട്ടായ്മ രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (എ) | സുരക്ഷിതമല്ലാത്ത പരമ്പരാഗത യാനങ്ങളിൽ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഘട്ടം ഘട്ടമായി സുരക്ഷിതമായ യന്ത്രവൽകൃത മത്സ്യബന്ധന രീതിയിലേക്ക് പരിവർത്തനം ചെയ്യുക എന്ന ലക്ഷ്യത്തോടെ കേന്ദ്രാവിഷ്കൃത പദ്ധതിയായ PMMSY യിൽ ഉൾപ്പെടുത്തി 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നൽകുന്ന പദ്ധതിയ്ക്ക് 2020 - 21 വർഷം കേന്ദ്ര സർക്കാരിൽ നിന്നും അംഗീകാരം ലഭ്യമായിട്ടുണ്ട്. പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ളതും സ്ഥിരതയോടെ പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളി പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളുമായ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഉൾപ്പെട്ട 10 പേർ വീതം അടങ്ങുന്ന JLG ഗ്രൂപ്പുകൾ/SHG ഗ്രൂപ്പുകൾ/ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ/ FFPO (Fish Farmers Producer Organisation) എന്നിവരെയാണ് ഗുണഭോക്താക്കളായി തെരെഞ്ഞെടുക്കുന്നത്.<br><br>കൊച്ചിൻ ഷിപ്പ് യാർഡ് നിർമ്മിക്കുന്ന അത്യാധുനിക സൗകര്യ ങ്ങളോട് കൂടിയ 1.50 കോടി രൂപ വിലയുള്ള ആഴക്കടൽ മത്സ്യബന്ധന യാനങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തി ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് നൽകുന്നത്. പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന പ്രകാരം ഒരു ബോട്ടിന് 1.20 കോടി രൂപയാണ് നിശ്ചയിച്ചിരിക്കുന്നത്. സബ്സിഡിയായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും കൂടി നൽകുന്നത് 48 ലക്ഷം രൂപ (40 %) യുമാണ് നൽകുന്നത്. (കേന്ദ്ര വിഹിതം 28.8 ലക്ഷം രൂപ + സംസ്ഥാന വിഹിതം |

| | | | |
|---|---|---|---|
| | | | 19.2 ലക്ഷം രൂപ). ബാക്കിയുള്ള 1.02 കോടി രൂപ ഗുണഭോക്തൃ വിഹിതം ആണ്. ഇത് പരമ്പരാഗത മത്സ്യത്തൊഴിലാളി കൾക്ക് സ്വന്തം നിലയിൽ കണ്ടെത്താൻ സാധിക്കില്ല എന്ന് മനസിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ വിഹിതത്തിന്റെ 30% (30.6 ലക്ഷം രൂപ) അധിക ഗ്രാന്റ് ആയി അനുവദിക്കുന്നതിനും ബാക്കി 70 % (71.4 ലക്ഷം രൂപ) കേരള ഫിനാൻഷ്യൽ കോർപറേഷനിൽ നിന്നും CMEDP ലോൺ മുഖേന ലഭ്യമാക്കുന്നതിനും ഉത്തരവായിട്ടുണ്ട്. സഹകരണ സംഘങ്ങളിൽ നിന്നും തെരഞ്ഞെടുത്ത 30 മത്സ്യത്തൊഴിലാളികൾക്ക് എൻ.സി.ഡി,സി യുടെ സാമ്പത്തിക സഹായത്തോടെ സി.ഐ.എഫ്.റ്റി യുടെ നേതൃത്വത്തിൽ മൂന്ന് ദിവസത്തെ ആഴക്കടൽ മത്സ്യബന്ധനത്തിനായുള്ള പരിശീലനം എൻ.ഐ.എഫ്.എ.എം - ൽ വച്ച് നൽകിയിട്ടുണ്ട്. |
| (ബി) | സ്വയം സഹായ സംഘം മാതൃകയിലുള്ള പ്രസ്തുത ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് ആവശ്യമായ പരിശീലനവും ബോട്ടും അനുബന്ധ സംവിധാനങ്ങളും ഒരുക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | സുരക്ഷിതമല്ലാത്ത പരമ്പരാഗത യാനങ്ങളിൽ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഘട്ടം ഘട്ടമായി സുരക്ഷിതമായ യന്ത്രവൽകൃത മത്സ്യബന്ധന രീതിയിലേക്ക് പരിവർത്തനം ചെയ്യുക എന്ന ലക്ഷ്യത്തോടെ കേന്ദ്രാവിഷ്കൃത പദ്ധതിയായ PMMSY യിൽ ഉൾപ്പെടുത്തി 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നൽകുന്ന പദ്ധതിയ്ക്ക് 2020 - 21 വർഷം കേന്ദ്ര സർക്കാരിൽ നിന്നും അംഗീകാരം ലഭ്യമായിട്ടുണ്ട്. പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ളതും സ്ഥിരതയോടെ പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളി പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളുമായ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഉൾപ്പെട്ട 10 പേർ വീതം അടങ്ങുന്ന JLG ഗ്രൂപ്പുകൾ/SHG ഗ്രൂപ്പുകൾ/ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ/ FFPO (Fish Farmers Producer Organisation) എന്നിവരെയാണ് ഗുണഭോക്താക്കളായി തെരെഞ്ഞെടുക്കുന്നത്.<br><br>കൊച്ചിൻ ഷിപ്പ് യാർഡ് നിർമ്മിക്കുന്ന അത്യാധുനിക സൗകര്യ ങ്ങളോട് കൂടിയ 1.50 കോടി രൂപ വിലയുള്ള ആഴക്കടൽ മത്സ്യബന്ധന യാനങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തി ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് നൽകുന്നത്. പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന പ്രകാരം ഒരു ബോട്ടിന് 1.20 കോടി രൂപയാണ് നിശ്ചയിച്ചിരിക്കുന്നത്. സബ്സിഡിയായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും കൂടി നൽകുന്നത് |

| | | | |
|---|---|---|---|
| | | | 48 ലക്ഷം രൂപ (40 %) യുമാണ് നൽകുന്നത്. (കേന്ദ്ര വിഹിതം 28.8 ലക്ഷം രൂപ + സംസ്ഥാന വിഹിതം 19.2 ലക്ഷം രൂപ). ബാക്കിയുള്ള 1.02 കോടി രൂപ ഗുണഭോക്തൃ വിഹിതം ആണ്. ഇത് പരമ്പരാഗത മത്സ്യത്തൊഴിലാളി കൾക്ക് സ്വന്തം നിലയിൽ കണ്ടെത്താൻ സാധിക്കില്ല എന്ന് മനസിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ വിഹിതത്തിന്റെ 30% (30.6 ലക്ഷം രൂപ) അധിക ഗ്രാന്റ് ആയി അനുവദിക്കുന്നതിനും ബാക്കി 70 % (71.4 ലക്ഷം രൂപ) കേരള ഫിനാൻഷ്യൽ കോർപറേഷനിൽ നിന്നും CMEDP ലോൺ മുഖേന ലഭ്യമാക്കുന്നതിനും ഉത്തരവായിട്ടുണ്ട്. സഹകരണ സംഘങ്ങളിൽ നിന്നും തെരഞ്ഞെടുത്ത 30 മത്സ്യത്തൊഴിലാളികൾക്ക് എൻ.സി.ഡി,സി യുടെ സാമ്പത്തിക സഹായത്തോടെ സി.ഐ.എഫ്.റ്റി യുടെ നേതൃത്വത്തിൽ മൂന്ന് ദിവസത്തെ ആഴക്കടൽ മത്സ്യബന്ധനത്തിനായുള്ള പരിശീലനം എൻ.ഐ.എഫ്.എ.എം - ൽ വച്ച് നൽകിയിട്ടുണ്ട്. |
| (സി) | നിലവിൽ സംസ്ഥാനത്തിന്റെ തീരപരിധിയിൽ വ്യാപകമായി നടക്കുന്ന മത്സ്യബന്ധനത്തിന്റെ ആഘാതം കുറയ്ക്കുന്നതിനും പരമ്പരാഗത മത്സ്യതൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിനും ഈ പദ്ധതിയിലൂടെ സാധ്യമാകുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കാമോ? | (സി) | ആഴക്കടലിലേക്ക് കടക്കാനും ഉയർന്ന മൂല്യമുള്ള സമുദ്ര വിഭവങ്ങൾ ശേഖരിക്കാനും പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പ്രാപ്തരാക്കുന്നതിലൂടെ അവരുടെ വരുമാനവും അതുവഴി അവരുടെ സാമൂഹിക സാമ്പത്തിക നിലയും മെച്ചപ്പെടുത്തുക എന്നതാണ് പദ്ധതിയുടെ പ്രാഥമിക ലക്ഷ്യം. ഇതുവഴി തീരപരിധിയിലെ മത്സ്യബന്ധനത്തിന്റെ ആഘാതം/ സമ്മർദ്ദം കുറയ്ക്കുന്നതിനും അത് മൂലം സംസ്ഥാനത്തിന്റെ സമുദ്ര വിഭവങ്ങളുടെ ഉൽപ്പാദനം വർധിപ്പിക്കുന്നതിനും സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും കയറ്റുമതി വരുമാനത്തിൽ വർദ്ധനവും ഉണ്ടാകുന്നതാണ്. |

സെക്ഷൻ ഓഫീസർ